# നിർവ്വാണമണ്ഡലം

ചങ്ങമ്പുഴ കൃഷ്ണപിള്ള

# നിർവ്വാണമണ്ഡലം

**കവിതാസമാഹാരം**

## ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

**താളിളക്കം**

**2020**

പേര്: **നിർവ്വാണമണ്ഡലം**

ഭാഷ മലയാളം

വിഭാഗം: കവിതാസമാഹാരം

രചന: ചങ്ങമ്പുഴ കൃഷ്ണപ്പിള്ള

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

## ഉള്ളടക്കം

ബാഷ്പധാര
വിജയത്തിന്റെ പിൻപേ
മുന്നോട്ടു പോവുക
മാപ്പു നൽകൂ!
കപോതഗീതം
കലാപ്രേമംമൂലം
വ്യതിയാനം
അഭിലാഷം
നിരാശ
നിർവ്വാണമണ്ഡലം
നിഴലുകൾക്കിടയിൽ
മൺപാത്രങ്ങൾ
അനുവാദം
സഹതപിക്കുന്ന ഞാൻ!
ഉപഹാരം
തപസ്വിനി
അർത്ഥന
അന്ത്യഗാനം

## ബാഷ്പധാര

കണ്മണി നിന്നെയെൻ കൈയിലെടുത്തു ഞാ-
നമ്മവെച്ചുമ്മവെച്ചുല്ലസിക്കേ,
ആയിരംജന്മങ്ങൾക്കൊണ്ടെനിക്കുണ്ടാകു-
മാനന്ദനിർവ്വതിയെന്നു നേടി.
അമ്മതന്നാത്മാവും കോൾ മയിർക്കൊള്ളുമാ-
റന്നു നീ തൂകിയ മന്ദഹാസം.
എന്നെന്നും സൂക്ഷിക്കുന്നുണ്ടഖിലേശ്വരൻ
പൊന്നുഷസ്സന്ധ്യതൻ പൂങ്കവിളിൽ.
ആലോഭനീയമാമാരമ്യവസ്തു, വൊ-
രാനന്ദം തന്നെയാണെന്നെന്നേക്കും!

കറ്റക്കിടാവിന്നൊരമ്മയായ്ത്തീർന്നു ഞാൻ
മുറ്റത്തു മുക്കുറ്റി പൂത്തനാളിൽ,
മാകന്ദശാഖികളൊക്കെയും കൈവിട്ടു
കോകിലപാളികൾ പോയകാലം
എന്നങ്കതൽപമിതെന്നേക്കും കൈവെടി-
ഞ്ഞെങ്ങോ നീയോമനേ, പോയൊളിച്ചു!
കേണു ഞാൻ വാഴ്കയാണിന്നെന്റെ കണ്മുന്നിൽ
കാണുന്നതെല്ലാം ചലനചിത്രം.
നശ്വരമാകുമീ ലോകത്തിലെങ്ങനെ
ശശ്വത്പ്രണയം പ്രതിഷ്ഠ നേടും ?

മാരിവിൽ മാറിങ്കൽനിന്നു മാഞ്ഞീടിന
ശാരദാകാശം വിഷാദമൂകം!
വാരലർ വാടിക്കൊഴിഞ്ഞ വയോധിക-
വാസന്തിവല്ലികൾ വിഹ്വലകൾ !
നഷ്ടാത്മജമാരാം ഞങ്ങളെക്കാണുമ്പോൾ
'കഷ്ട' മെന്നാരും പറഞ്ഞുപോകും.
ശൂന്യമായ്ത്തീർന്നോരെന്നുത്സംഗം കാണുമ്പോൾ
മാനസമാർക്കും ദ്രവിച്ചുപോകും.
അത്യുൽക്കനഘമാം രത്നമാണെന്നതി-
ലുത്തമകാന്തി പൂണ്ടുല്ലസിച്ചു !

മായാബ്ധിയിൽ പൊങ്ങും കൊച്ചുനീർപ്പോളകൾ
മായാത്ത ചിത്തങ്ങളായ് ഭ്രമിച്ചേൻ
വിദ്യുല്ലതികയെ മാറോടുചേർക്കുവാ-
നദ്യമിച്ചീടുമെന്നൾപ്പുളപ്പേ !
ഹന്ത നീയിന്നോളം വായുവിൽ നിർമിച്ച
മൺതരിക്കോട്ട തകർന്നടിഞ്ഞു !
ഹീരദീപാങ്കുരം നഷ്ടമായ് ഞാനൊരു
ഘോരാന്ധകാരപ്പരപ്പിലായി.
എണ്ണിയാൽ തീരാത്തോരെന്നഴൽ നിന്നോടു
വിണ്ണിൽ ഞാൻ വന്നെങ്കിലന്നു ചൊല്ലാം !

## വിജയത്തിന്റെ പിൻപേ

മറയല്ലേ, മായികേ, നീ ഗമിക്കും
മലർവാടിയിങ്കലേക്കാണു ഞാനും !
അനുപമശിഞ്ജിതം വീശിവീശി-
യകലേ നീ മാറിയൊഴിഞ്ഞതെന്തേ ?
മുനകൂർത്ത മുള്ളു തറഞ്ഞു പാദം
മുഴുവനും വിണ്ടു നിണത്തിൽ മുങ്ങി
പരുഷാശ്മഖണ്ഡങ്ങൾ പാതയിങ്കൽ
പരവശമാകുന്നു മൽപ്രയാണം.
പൊരിവെയ്ലിൽ ചുട്ടുപഴുത്ത മണ്ണിൽ
പൊരിയവേ, മുന്നോട്ടു ഞാൻ കുതിപ്പൂ.
തവ രമ്യമായൂരപിഞ്ഛിക നീ
തളിരെതിർക്കൈകളാൽ വീശിവീശി
കഴൽനിലത്തെങ്ങുമേ തൊട്ടിടാതെ
കനകാംഗി വായുവിൽ നീ ഗമിപ്പൂ !
ഇടയപ്പെണ്ണാരാലൊടിച്ചു നീട്ടു-
മിലയണിത്തൈമരക്കൊമ്പിൻ പിമ്പേ
അജകിശോരമ്പോ,ലനുനിമേഷ-
മനുഗമിക്കുന്നു ഞാൻ ഹന്ത നിന്നെ !
ചുട്ടുവെയ്ലിൽപ്പോലുമൊരൽപനേര-
മിടതരുന്നില്ല നീ വിശ്രമിക്കാൻ !
ഇരുമട്ടാണെങ്കിലും നിന്റെ പിമ്പേ
ഗതി തുടരാനാണെനിക്കു മോഹം.
തവ വിശ്രമാരാമഭൂവിലെങ്ങും
തളിരിട്ടു നിൽക്കുന്നൊരുന്മദങ്ങൾ
അനുപമശാന്തിതൻ പൂന്തണലി-
ന്നവലംബമാണെന്നെനിക്കറിയാം.
ഭുവനമാം പൂവിൽനിന്നുത്ഭവിക്കും
ശിവമയസൗരഭധോണിയിൽ
സതതമെൻ കർത്ത്യവ്യബോധഭൃംഗം
ഹൃദയകോശത്തിൽ ചിറകടിപ്പൂ !
അവിടെ നിന്മാദകമോഹനമാ-
മലരണിത്തോപ്പിൽ വന്നിട്ടുവേണം-

അനുപമോൽക്കർഷങ്ങൾ പട്ടു പാട്ടു-
മവിടെ നിൻ തോപ്പിൽ വണ്ണിട്ടുവേണം.
പ്രതിബന്ധബദ്ധമായ് വീർപ്പിടുമെൻ
ഹൃദയകവാടം തുറന്നിടുവാൻ!

മറയല്ലേ, മായികേ, നീ ഗമിക്കും
മലർവാടിയിങ്കലേക്കാണു ഞാനും !

## മുന്നോട്ടു പോവുക

ഭാവസമത്വസനാതനസൗരഭം
താവിടും സ്വാതന്ത്ര്യമേഖലയിൽ
പാടിപ്പറക്കുകെൻ ചിത്തമേ മേൽക്കുമേൽ
പാടിപ്പറക്കു നീ വീതശങ്കം.
വങ്കൊടുങ്കാറ്റടി ചുറ്റിലും കേട്ടൽപം
ശങ്കിക്കും മൽക്കലാകൗതുകമേ !
ശുഷ്കിച്ച മാമൂലിൻ ജീർണ്ണിച്ച ചങ്ങല-
കെട്ടുകളോരോന്നും തട്ടിനീക്കി
മുന്നോട്ടു മുന്നോട്ടു പോക നീ, പോക നീ
മന്നിൽ ചുടുകണ്ണീരൊപ്പിയൊപ്പി.
അൽപജ്ഞന്മാരുടെ ക്ഷുദ്രപ്രശംസതൻ
സർപ്പക്കാവല്ലല്ലോ നിന്റെ ലക്ഷ്യം.
പല്ലിറുമ്മട്ടെ നിൻ ചുറ്റുമസൂയകൾ,
ചില്ലി ചുളിച്ചിടട്ടപ്രിയങ്ങൾ
വാരിവിതറട്ടെ മുള്ളുകൾ നിന്മുന്നി-
ലോരോരോ മായികവൈഭവങ്ങൾ.
എന്തിനവ കണ്ടു ശങ്കിച്ചുനിൽക്കുന്നു
സന്തതം മുന്നോട്ടു പോവുക നീ !
ഇല്ലേ നിങ്കൈവശമാത്മാർത്ഥതയുടെ
പുല്ലാങ്കുഴലതുമൂതിയൂതി
സുന്ദരപ്രേമം വിതുമ്പിത്തുളുമ്പുന്ന
മന്ദസ്മിതങ്ങളും വീശിവീശി
മർദ്ദിതസോദരഹൃത്തുക്കൾ പെയ്യുമാ-
ത്തപ്തബാഷ്പങ്ങളുമൊപ്പിയൊപ്പി
നിന്നെക്കുറിച്ചാരെന്തോതിയാലോതട്ടേ
മുന്നോട്ടു മുന്നോട്ടു പോവുക നീ !
നിന്നെപ്പഠിപ്പിച്ചു വിണ്ണിലെച്ചീശ്വരൻ
മന്നിൽ വന്നിങ്ങനെ പാട്ടുപാടാൻ.
താളമ്പിടിച്ചില്ലതിനിജ്ജഗത്തെങ്കിൽ
ചൂളുന്നതെന്തിനു ലജ്ജയാൽ നീ ?

## മാപ്പു നൽകൂ!

അനുതാപചിന്തകൾ നെയ്തുതന്നോ-
രനുഭൂതിപ്പൂമ്പട്ടമണിഞ്ഞ ചിത്തം,
മൃദുലം, മദീയം ഭവൽപ്രണയ-
സ്മരണയിൽ ചെയ്യും വിനോദനൃത്തം,
അനുചിതമാണെന്നിതുവരേക്കു-
ള്ളനുഭവമെന്നെ മനസ്സിലാക്കി.
അതിനാൽ ഞാനാവുന്നവേഗമിപ്പോ-
ളതിനൊരു പൂർണവിരാമമേകാം.
കമനീയസ്വപ്നത്തിൽനിന്നുണർന്നീ-
ത്തിമിരത്തിൽത്തന്നെ ഞാൻ വീണുകൊള്ളാം.
സഹജമായങ്ങളിൽ സമുല്ലസിക്കും
സഹതാപം പോലുമെനിക്കു വേണ്ട.
പ്രണയത്തിൻ കയ്പും മധുരിമയും
ഒരുപോലനുഭവിച്ചീടിനേൻ ഞാൻ.
അതിനാലെനിക്കിനിയാവലാതി-
ക്കവകാശമില്ല ഞാൻ പിന്മടങ്ങാം.
നിയതവും കണ്ണീരിൽ മുങ്ങി മുങ്ങി
നിമിഷങ്ങളോരോന്നായെണ്ണിയെണ്ണി,
കഴിയാൻ കഴിയണമെന്നുമാത്രം
കരളിലെനിക്കുണ്ടൊരാശമാത്രം.
പ്രണയപരാജയം നിന്ദ്യമല്ല
പ്രണയവിജയം വിദഗ്ദ്ധതയും
നിയതിനിയോഗമനുസരിച്ചേ
നിഴലിക്കു നമ്മിലതിൻ വെളിച്ചം !
സതതം ഞാൻ സ്നേഹിക്കാനല്ലയെങ്കിൽ
ഹൃദയമെനിക്കെന്തിനേകി ദൈവം ?
കപടമെല്ലോളമറിഞ്ഞിടാതെൻ
കടമ ഞാനൊക്കെയും ചെയ്തു തീർത്തു
ഇനി ഞാനേതല്ലലും വിസ്മരിക്കാം
ഇനിയെനിക്കിഷ്ടമ്പോൽ വിശ്രമിക്കാം.
ചിരിയിങ്കൽ മാത്രമല്ലശ്രുവിലും
ഒരുപോലെ സൗന്ദര്യം കാണുവോൾ ഞാൻ.

പരിപൂർണമാകില്ലതൊന്നിൽമാത്രം
പരിചയം നേടുന്ന ജീവിതാങ്കം !
ഉപദേശപുഷ്പങ്ങൾ കോർത്തെടുത്തോ-
രുപഹാരമർപ്പിക്കാൻ ദുർബല ഞാൻ.
അതിനെനിക്കാശയുമില്ല;- ഞാനെ-
ന്നഭിമതമോതിനാളെന്നു മാത്രം.
ഹൃദയേശ ! ഞാനിദം ചെയ്തതുമി-
ന്നപരാധമാണെങ്കിൽ മാപ്പുനൽകു.

## കപോതഗീതം

കൊച്ചുപുൽപരപ്പിനാൽ വസുധാംബികേ, നീ, നൽ-
പ്പച്ചക്കച്ചകളെന്തേ പുതച്ചു കിടക്കുന്നു ?
നീരദാവലി നീളെ നിന്മെയ്യിൽ വർഷിക്കുന്ന
നീരബിന്ദുക്കളിത്ര ശൈത്യദായകമെന്നോ ?
എങ്കിലെന്തതിലെഴും പുഞ്ചിരിയൊന്നല്ലല്ലീ
തങ്കവല്ലരിതോറും പുഞ്ചിരി പൊഴിപ്പിപ്പൂ ?
മാമരം ഫലപുഷ്ടശോഭമായ്ത്തീർന്നീടാനും,
മാമല മരതകനീരാളം ധരിപ്പാനും,
വഹിനിചിത്തം ഹർഷകല്ലോലമടിപ്പാനും
സ്നേഹശീകരങ്ങളാം മേഖങ്ങളില്ലാതാമോ ?
വാരിദ, വർഗ്ഗുണപൂരിത, ലസിപ്പൂ നീ
നീരദ, നിരർഘസൽജീവിതജയിപ്പൂ നീ!

പരശോണിതത്തിനാൽ പങ്കിലമായീടുന്ന
നരജീവിതമിന്നീ മന്നിന്റെ മുഖത്തിങ്കൽ
കരിതേക്കവേ കഷ്ടമായതു കഴുകുവാൻ
ചൊരികല്ലല്ലീ ധാരധാരയായ് ജലം ഭവാൻ?
കൃത്യം താവകം സ്തുത്യമെന്നിരിക്കിലും വ്യർത്ഥം
സത്യസൗന്ദര്യം കാണ്മാൻ കാലമിന്നിനിയും പോണം.
അക്കറുപ്പൽപാൽപമായ് മാറ്റാൻ നീ ശ്രമിക്കുന്നു
മേൽക്കുമേൽ വീണ്ടും വീണ്ടും മർത്ത്യന്മാർ പുരട്ടുന്നു.
ഇന്നലെ മരിച്ചോരു നിശയും കൂടിപ്പാടി
'മന്നിന്റെ മറിമായ' മെന്നൊരുശ്ശൂന്യ ഗാനം!
സമരം പരസ്പരം സഹജീവികൾ ചെയ്താൽ
ക്ഷമ, യെത്രനാൾ കഷ്ട, മീവിധം ക്ഷമിച്ചിടും?
സോദരഹൃദന്തങ്ങൾ കുത്തിവാർത്തീടും, കുറെ
ചോരച്ചാലുകളല്ലാതിങ്ങു കാണ്മാനില്ലൊന്നും?
അതിന്നിന്നോരോതുള്ളികൊച്ചുപൂങ്കുലകളിൽ
പതിയാനിടയായിട്ടവയും ചുവന്നുപോയ്.
എത്രയും ശാന്തം വാഴുമെൻ മാംസമൊന്നേ വേണ്ടൂ
ഗൃദ്ധ്രോദരത്തിലുണ്ടാം തീജ്വാല കെടുത്തുവാൻ!
മുകിലേ, മുഷിഞ്ഞു ഞാൻ ലോകജീവിതത്തിങ്കൽ

സുഖശാദ്വലമെങ്ങോ, ഹാ, മരീചിക മാത്രം!
ഇനിയുണ്ടെങ്കിൽ ജന്മ മുകിലായ് പിറക്കുവാൻ
മനതാരിങ്കൽ ഞാനിന്നത്യന്തമാശിക്കുന്നു!

## കലാപ്രേമംമൂലം

ഓമനത്താമരപ്പൂമണം ചേർ
ന്നോളംതുളുമ്പിയ പൊയ്കയിങ്കൽ
നീരാടി, യാടി, നീയേകയായി
നീലക്കാർകുന്തലും മാടിമാടി,
വിദ്യുല്ലതാംഗശ്രീവിലാസ-
വിശ്വവിജയപതാക വീശി,
പ്രാണൻ ലഭിച്ചോരുടലെടുത്ത
വീണാരവത്തിനു തുല്യയായി,
പാതയിൽക്കൂടി നീ പോയഒാക്കിൽ
പാറകൾപോലുമൊന്നെത്തിനോക്കി!

ചാരുചെമ്പകം പൂത്തുപൂത്തു
വാരുറ്റസൗരഭം വീശിനിൽക്കേ,
ഹാ, മത്തഭാവനാഭൃംഗകമൊ-
രാമോദവേദി മറ്റേതു തേടും?
നമ്മിലുൾക്കൊള്ളും കലാപ്രണയം
നമ്മെപ്പതുക്കെയൊന്നമ്മവെയ്ക്കേ;
നാമറിയാതൊന്നുരുമ്മിനോക്കി-
നാണമില്ലാത്തൊരാക്കണ്ണുനകൾ.
അസ്വർഗ്ഗഹർഷത്തിൻ പൂമഴയൊ-
രസപഷ്ടബോധത്തിലായിരുന്നു.
എങ്കിലുമെത്രമധുരമിന്നാ-
ത്തങ്കക്കിനാവിൻ സ്മരണപോലും!
കോമളആകുമാച്ചിന്തയേതോ
കോരിത്തരിപ്പിന്റെ കൂട്ടുകാരി.
ഒന്നുചേർന്നല്ലാതണഞ്ഞിടാറി-
ല്ലെന്നരികത്തവർ രണ്ടുപേരും!

ഉൽഫുല്ലയൗവനേ, നിന്മനസ്സാം
കൽപകപ്പൂമൊട്ടൊരുദിവസം
നീതടഞ്ഞാലും വിടർന്നുപോകും
സ്ഫീതാനുരാഗവസന്തരാവിൽ!

അന്നതിൽനിന്നും വഴിഞ്ഞൊഴുകും
സുന്ദരസൗരഭധോരണികൾ
ചുംബിച്ചുണർത്തിപ്പുണർന്നുകൊള്ളു-
മൻപോടെൻ മന്ദിതപ്രജ്ഞകളെ!
ഇക്കലാസ്വാദനതൽപരത്വ-
മുക്കൊള്ളുമത്ഭുതശക്തിയെന്നും,
നമ്മിലും മീതെ നിന്നെത്തിനോക്കി
നമ്മെപ്പുതുക്കെപ്പരിഹസിക്കും.
അല്ലെങ്കിലെന്തി, നിതിങ്കലൊന്നു-
മല്ലപരാധികളല്ല നമ്മൾ.
തെറ്റുമുഴുവനും ൻമ്മിലുള്ളോ-
രിക്കലാലോലുപത്വത്തിൽമാത്രം!

## വ്യതിയാനം

എന്നെത്തിരക്കി നീയാനന്ദദേവതേ,
വന്നിട്ടുമെന്തേ പറയാതെപോയി നീ?
ഒത്തില്ലെനിക്കെന്റെ ജോലിത്തിരക്കിനാൽ
കഷ്ടം, ഭവതിയെസ്സൽക്കരിച്ചീടുവാൻ.
ചെറ്റും മനുഷ്യത്ത്വമില്ലാത്തവനെന്നു
തെറ്റിദ്ധരിക്കാനിടയുണ്ടിവനെ നീ!
എന്തു ചെയ്യട്ടെ, മനോരമേ, ജീവിത-
ചിന്തകളെന്നെ വിടുന്നില്ലൊരിക്കലും!
ഉദ്ധതനല്ല ഞാൻ, മാമകമാനസ-
ശുദ്ധിയോർത്തെങ്കിലും മാപ്പു നീ നൽകണേ!

അന്നു നീ വന്ന മധുമാസരാത്രിയിൽ
മന്ദഹസിച്ചിതെൻ മുറ്റത്തുമുല്ലകൾ.
വെള്ളിനിലാവിൽ കുളിപ്പിച്ചു നീയെന്റെ
വല്ലികൾ മൊട്ടിട്ട പൂങ്കാവനികൾ!
വിസ്മയംതോന്നുമാറന്നെന്റെ മുന്നിലീ
വിശ്വം മുഴുക്കെക്കവിതകൊളുത്തി നീ!
സ്നേഹിക്കുവാനായ് പഠിപ്പിച്ചു നീ നിന്റെ
മോഹനദർശനംകൊണ്ടു മജ്ജീവനെ!
എന്നെ കൃതഘ്നനെന്നോർക്കായ്ക നിർമ്മലേ
നിന്നോടെന്നെന്നും കൃതജ്ഞനാകുന്നു ഞാൻ!

കാഴ്ചവച്ചേനേ മടിച്ചിടാതന്നു നിൻ
കാൽത്തളിരിങ്കലെൻ പിഞ്ചുമനസ്സു ഞാൻ.
എന്നാലെനിക്കതന്നൊത്തില്ല, വാഞ്ഛതൻ
പിന്നാലെയങ്ങിങ്ങലഞ്ഞു ഞാൻ പോകയാൽ.
കണ്ണീർക്കടലിൻ നടുക്കെന്റെ ജീവിത-
പ്പൊന്നിങ്കളിത്തോണി മുങ്ങുമീവേളയിൽ
കാളാംബുദാളികൾ മൂടിക്കൊടുന്തണു-
പ്പാളുമീഭീകരവർഷാന്തരാത്രിയിൽ,
നിന്നെയിരുളിൽ തിരഞ്ഞു വിളിച്ചു ഞാ-
നെങ്ങുനീ, യെങ്ങു നീ, യത്തുതോന്മാദമേ?

അയ്യോ, തിമിരം, വിജനം, ഭയാനകം
വയ്യെനി, ക്കെന്നെ മറന്നോ വെളിച്ചമേ?
മുന്നോട്ടു മുന്നോട്ടു പോകട്ടെ വീണ്ടുമീ-
ക്കണ്ണീർക്കടലിലീ ഞാനുമെൻ തോണിയും!
അല്ലെങ്കിലാക്കൊട്ടുമ്പാറമേൽച്ചെന്നതു
തല്ലിത്തകർന്നിനിത്താണിടാനും മതി.
വിസ്മൃതിയിങ്കൽ മറഞ്ഞതില്ലിത്രനാൾ
വിശ്വസമുദ്രത്തിലെത്രനീർപ്പോളകൾ?
ഇന്നവയിങ്കലൊന്നായിഗ്ഗണിച്ചേക്കു-
കെന്നെയും കൂടി-ക്ഷമിക്കനീ ലോകമേ!

## അഭിലാഷം

മന്ദസ്മിതത്തിൻ ശകലങ്ങളാലൊരു
സുന്ദരമാല്യം രചിച്ചിതെങ്കിൽ!
ചന്ദ്രികകൊണ്ടൊരു കേളീതടാകത്തിൽ
മന്ദസമീരണവീചികളിൽ,
ഓരോ സഖികളാം മിന്നൽക്കൊടികളായ്
നീരാടി നീന്തിക്കളിച്ചുവെങ്കിൽ!
ചുംബനംകൊണ്ടൊരു പൂമ്പട്ടുനെയ്തെട്ടു
ത്തൻപിലെൻമെയ്യിലണിഞ്ഞിതെങ്കിൽ!
നർമ്മസല്ലാപസുരഭിലമാമൊരു
നന്മലർമെത്തയിലാത്തരാഗം,
സങ്കൽപനായികതന്മടിത്തട്ടിലി-
ന്നെന്തലചാച്ചൊന്നുറങ്ങിയെങ്കിൽ!-
ആനന്ദസ്വപ്നങ്ങൾകൊണ്ടൊരു നൂതന-
സൂചനികുഞ്ജം ചമച്ചതിങ്കൽ
ഓമലോടൊത്തിരുന്നോരോരോ നിർമ്മല-
പ്രേമകഥകൾ പറഞ്ഞു വെങ്കിൽ!
താരകപ്പൂക്കളിറുത്തെടുത്തോമലിൻ
വാരണിക്കാറെതിർകുന്തളത്തിൽ
ചൂടിച്ചു ചൂടിച്ചൊരോടക്കുഴലുമായ്
വാടികൾതോറുമലഞ്ഞിതെങ്കിൽ!

മാമകജീവിതമഞ്ജൂഷികയ്ക്കക-
ത്തീവിധം പുഷ്പങ്ങളെത്ര കാണും!
സദ്രസം ഞാനതു കാഴ്ചവെയ്ക്കുമ്പോഴെൻ
മൃത്യുവും മന്ദഹസിക്കയില്ലേ?

## നിരാശ

പൂമണിമച്ചിലേകയായെന്തിനോ
കൂരിരുളിലിരുന്നു കേഴുന്നു ഞാൻ.
എന്മനോരഥസങ്കൽപമൊക്കെയും
കണ്ണുനീരിലലിഞ്ഞൊഴുകീടിലും
ഞാനിനിയും രചിക്കും വിഭോ, ഭവൽ-
കോമളചിത്രമെന്നിൽ പലപ്പൊഴും

കേവലമൊരു പുഞ്ചിരികാരണം
ജീവിതത്തെക്കൊതിച്ചുതുടങ്ങി ഞാൻ.
രാഗലോലയാമെന്മിഴികൾക്കുടൻ
ലോകപുഷ്പം മരന്ദസമ്പൂർണ്ണമായ്!

ദേവ, നിന്നനുഭവസരസ്സിലെൻ
ഭാവിജീവിതസാരസകോരകം,
നിസ്തുലാഭമായ് മിന്നുന്നതും നോക്കി
വിസ്മരിച്ചുപോയെന്നെയും കൂടി ഞാൻ.
ഇന്നനുശയമേകിടുമിത്തിരി
കണ്ണുനീരല്ലാതില്ലെനിക്കൊന്നുമേ!

ശോകമേ, ഹാ, തകർന്ന ഹൃദയത്തെ
ലോകതത്ത്വം പഠിപ്പിച്ചിടുന്നു നീ!

ഈ നിരാശതൻ നീണ്ട നിഴലിലെൻ
ഭാഗധേയം തകർന്നടിഞ്ഞെങ്കിലും,
ഇത്തിമിരപ്പടർപ്പിലൊരിക്കലും
സുപ്രഭാതമുദിക്കുകില്ലെങ്കിലും,
ഞാനിനിയും രചിക്കും വിഭോ, ഭവൽ-
കോമളചിത്രമെന്നുള്ളിൽ നിത്യവും!

## നിർവ്വാണമണ്ഡലം

ഹൃദയങ്ങൾതമ്മിൽപ്പുണർന്നിടുമ്പോ-
ളിളകുന്നൊരാനന്ദമർമ്മരവും,
പ്രണയപരവശയായി വാഴും
കുലകന്യാരത്നത്തിൻ കണ്ണുനീരും,
സുമിതസുരഭിലകുഞ്ജകത്തിൽ
'മധുവുധു' കാലരജനികളിൽ,
പുളകിതലജ്ജാവനമ്രയായി
മരുവും നവോഢതന്നങ്കഭൂവിൽ,
തലചാച്ചുറങ്ങുന്ന കാമുകൻ തൻ
നിരവദ്യനിർമ്മലനിർവ്വതിയും,
മലരിലോരോന്നിലും മാറി മാറി-
യലയും പൂമ്പാറ്റയെക്കാണുംനേരം,
അതിനെപ്പിടിക്കാൻ കൊതിച്ചുനിൽക്കു-
മരുമപ്പൂമ്പൈതലിൻ പിഞ്ചുചുണ്ടിൽ
വഴിയുന്ന ലാലാജലാർദ്രമാകും
തിരളൊളിപ്പുഞ്ചിരിപ്പൂനിലാവും,
ചുടുവെയിലേറ്റിടാതാറ്റുവക്കിൽ
വടവൃക്ഷച്ഛായയിലുച്ചനേരം,
വിരമിച്ചമരുന്നോരാട്ടിടയൻ
ചൊരിയുന്ന പുല്ലാങ്കുഴൽ വിളിയും,
ഒരുമിച്ചു ചേർന്നതിനൂതനമാ-
മൊരുലോകമെത്തി ഞാൻ വിശ്രമിപ്പൂ!

ഇവിടെയന്താനന്ദം!-എന്നെയാരു-
മിവിടെനിന്നയ്യോ വിളിക്കരുതേ!

ഇവിടത്തെക്കേളീതടാകന്തോറും
സുരസുന്ദരിമാർ നിറഞ്ഞിരിപ്പൂ.
സഖികളവരെന്നരികിലെത്തി
സരസമായ് സന്തതം സല്ലപിപ്പൂ.
അവരെല്ലാമെന്നെ നടുക്കിരുത്തി
പ്രണയഗാനങ്ങൾ പൊഴിച്ചിടുന്നു.

അതുകേട്ടു കേട്ടു ഞാനെന്നെയും വി-
ട്ടെവിടെയോ ചെന്നു ലയിച്ചിടുന്നു.

പുളകംകൊണ്ടെന്നെപ്പൊതിയുവാനായ്
'നളിനി' ക്കും 'ലീല' യ്ക്കുമെന്തുമോഹം!
പതിവായി 'ചമ്പകക്കുട്ടി' യുമായ്
പനിമലർത്തൊപ്പിങ്കൽ ചെന്നിരിക്കേ,
അറിയാറില്ലല്ലോ ഞാനെന്നിലാളും
പരിഖേദത്തിന്റെ കണികപോലും!
സുദതി 'സുഭദ്ര' ഞാനുമായി-
സ്സുലളിതഹേമന്തചന്ദ്രികയിൽ
ശിഥിലതരംഗങ്ങളുമ്മവെയ്ക്കും
പുളിനങ്ങൾതോറുമുലാത്തിടുമ്പോൾ
സകലതും തീരെ മറന്നു ഞാനൊ-
രകളങ്കാനന്ദമനുഭവിപ്പൂ!
കനകപ്രഭാമയം!-എത്രയെത്ര
കമനീയമെന്റെയീ സ്വർഗ്ഗരംഗം!
ഇവിടെയെന്താനന്ദം!-എന്നെയാരു-
മിവിടെനിന്നയ്യോ വിളിക്കരുതേ!

## നിഴലുകൾക്കിടയിൽ

അനുഭവങ്ങളേ നിങ്ങളിനിമേ-
ലനുവദിക്കില്ലാ സ്വപ്നം രചിയ്ക്കാൻ.
മധുരചിന്തകൾ ചാലിച്ച ചായം
വിധിമുഴുവനും തട്ടിക്കളഞ്ഞു.
സതതമെന്മനം നോവിച്ചു മാത്രം
സഹകരിപ്പതുണ്ടിപ്പൊഴും കാലം.
വെറുതെയാണിപ്പരിഭവം-മേലിൽ
ശരി, യൊരിയ്ക്കലും ദുഃഖിച്ചിടാ ഞാൻ!
ഹതനെനിയ്ക്കതു സാദ്ധ്യമോ?-വീണ്ടു-
മിതളുതിർന്നതാ വീഴുന്നു പൂക്കൾ!
ഇവിടെയെല്ലാമിരുട്ടാണു, കഷ്ട-
മെവിടെ നിത്യതേ, നിൻരത്നദീപം?
-നിയതിയെൻകാതിൽ മന്ത്രിപ്പൂ നിത്യം:-
”നിഖില,മയ്യോ, നിഴലുകൾ മാത്രം!! ...”

**മൺപാത്രങ്ങൾ** (ഹരീന്ദ്രനാഥചതോപാദ്ധ്യായ)

പ്രതിരോധവിമുഖരായ് വിൽക്കപ്പെട്ടുമെന്നൊരോമൽ
പ്രതിമായ്ഹ്രപ്രതീക്ഷയിൽ നിമഗ്നരായി
മൺപാത്രങ്ങൾ നമ്മൾ വഴിവക്കിൽ നിരന്നിക്കുലാല-
മന്ദിരത്തിൻ വെളിയിലൊതുങ്ങിനിൽപ്പൂ.
ചെമ്പൊൽക്കനൽക്കതിരണിഞ്ഞുട്ടുമേഘനിബിഡിത-
സമ്പന്നശ്രീ കളിയാട്ടും സദസ്സിങ്കീഴിൽ.

ഭാഷയൊന്നമില്ലാ നമുക്കെങ്കിലും, നമുക്കൊരുഗ-
ദ്വേഷപൂർണ്ണമാം വെറുപ്പുതോന്നുന്ന മേന്മേൽ.
അത്രമാത്രമറ്റകുറ്റമില്ലെങ്കിലെ, ന്തീ നമ്മൾ ത-
ന്നാസ്തികൃനിയമത്തിന്നു വിരുദ്ധമായി
ആത്തകൗതുകം നമുക്കിന്നോരോരൂപം തന്നു നമ്മെ
വാർത്തെടുത്തോരക്കുലാലചക്രത്തോടേറ്റം!

സുന്ദരങ്ങൾതന്നെയാണിപ്പാത്രമെല്ലാം പക്ഷേയിന്ന-
സ്സൗന്ദര്യത്തിൻ നിന്നുപോലും വിമുക്തരായി
ആകാരത്തിൽ ക്ഷുദ്രമായ മർദ്ദനശക്തിതന്നൂക്ഷ-
മാകും മുഷ്ടിയിങ്കൽനിന്നും വഴുതി വീണ്ടും
മണ്ണിൽ വീണടിഞ്ഞലഞ്ഞു രക്ഷനേടാൻ കഴിഞ്ഞെങ്കിൽ
നിർണ്ണയമതെത്രമാത്രം കൊതിപ്പൂ നമ്മൾ!

മൺപാത്രങ്ങൾ നമ്മൾ ചില, രാസ്തികൃത്തിൽ മുഷിപ്പാർന്നു
വെമ്പി വെമ്പി നിലത്തടിഞ്ഞുടഞ്ഞിടുന്നു.
ദയനീയപദാർത്ഥങ്ങൾ പാത്രകാരൻ മൺപാത്രത്തിൻ
വിളറിയ മുഷിവുണ്ടോ പരിഗണിപ്പൂ?

**അനുവാദം**

ഇനി ഞാനൊഴിഞ്ഞൊരു പാട്ടു പാടാ-
നനുമതിയേകുകെനിക്കു നാഥാ!
അതിലൂടെൻ സർവ്വരഹസ്യവും, ഞാ-
നവിടുത്തെ തൃക്കാൽക്കൽ കാഴ്ചവെയ്ക്കാം!

പകലിൻ സമാപനകാന്തിയിങ്കൽ
മുകിൽനിര മുങ്ങിക്കുളിച്ചിടുമ്പോൾ;-
സുലളിതഗീഷ്മാന്തവാതപോതം
സുഖകരമർമ്മരം വീശിടുമ്പോൾ;
ഉലകിന്റെ ജോലിത്തിരക്കു നിന്നൊ-
രലഘുപ്രശാന്തതയെത്തിടുമ്പോൾ;-
മുരളിയുമായ് നിന്മണിയറയി-
ലൊരു കോണിൽ, മന്ദ, മൊഴിഞ്ഞൊതുങ്ങി
അനുരാഗഗാനങ്ങൾ ഉരുവാനി-
ന്നനുമതിയേകുകെനിക്കു നാഥാ!

പതറിപ്പോമെൻ ഗാനമാകമാനം
പരനിരർത്ഥകമായിരിക്കാം
അതിലെങ്ങും തിങ്ങിത്തുളുമ്പിടുന്ന-
തഴലിന്റെ കണ്ണുനീരായിരിക്കാം;
പരിചിലെന്നാലുമതിന്റെ ലക്ഷ്യം
പരമാർത്ഥസ്നേഹമൊന്നായിരിക്കും.

അലിവാർന്നിനിയൊരു പാട്ടുപാടാ-
നനുമതിയേകുകെനിക്കു നാഥാ!

## സഹതപിക്കുന്നു ഞാൻ

അത്യന്തമോഹനമാണെന്നിരിക്കിലു-
മെത്രനാൾ നിൽക്കുമിസ്സ്വപ്നോത്സവം, സഖീ?
കഷ്ടമെന്നെങ്കിലും, യാത്രോക്തിയും ചൊല്ലി
വിട്ടുപോകേണ്ടവരല്ലി നാമോമലേ?
അന്യോന്യമിത്രയ്ക്കടുത്ത നാംതന്നെയാ-
ണന്യരായ് നാളേക്കകന്നു നിൽക്കേണ്ടവർ.
ഓർക്കാതിരിക്കാൻ ശ്രമിച്ചിട്ടുന്തോറുമ-
ത്തീക്കനലെന്നുള്ളിലാളുന്നു മേൽക്കുമേൽ!

വേനലിൽ ചൂടിൽ വരണ്ടിരണ്ടോടുന്നു
കാനനച്ചാർത്തിൻ മരതകശോഭകൾ.
വർഷമോർമ്മിപ്പീല വാസന്തകോകിലം
ഹർഷപുളകം വിതച്ചകളകളം!
ഞെട്ടറ്റു പാഴിലുതിരുന്നു മണ്ണിലാ
മൊട്ടിട്ട വല്ലിതൻ ജീവിതസിദ്ധികൾ.
സർവ്വവും സ്വപ്നം-ജഗത്തേ തവോൽക്കട-
ഗർവത്തിലേറ്റം സഹതപിക്കുന്നു ഞാൻ!

## ഉപഹാരം

ഞാനൊരുവെറും വിസ്മൃതിയെന്നെ-
ത്തേടിടുന്നെന്തിനോമേ?
എൻനിഴൽ നോക്കി നിശ്വസിക്കയാ-
ണിന്നു വാടേണ്ടും പൂവുകൾ.
മന്ദഹാസം പൊഴിച്ചു മിന്നിയ
മഞ്ഞുതുള്ളികളെങ്ങുപോയ്?
അന്നുവസന്തലക്ഷ്മിയേകിയ
പൊന്നണിഞ്ഞ പുലരിയിൽ,
ഈ മരത്തിലിരുന്നു പാടിയോ-
രോമനക്കുയിലെങ്ങു പോയ്?
ഇല്ല കാര്യമതോർക്കുവാൻ മന്നി-
ലില്ലവസരം തെല്ലുമേ!
ആ രമണീയചിത്രങ്ങൾപോലും
ഘോരവിസ്മൃതിമൂടവേ,
സാരമില്ലാത്ത പുൽക്കൊടി ഞാനെൻ
കാര്യമെന്തിനിയോതുവാൻ!

മന്ദഹാസവിലാസമല്ലൊരു
കണ്ണുനീർക്കണമാണു ഞാൻ
ഗാനമല്ലേ നിനക്കുവേണ്ടതു
ദീനരോദനമാണു ഞാൻ!
പാവനാതിഥേ, ശൂന്യമാകുമി-
ജ്ജീവിതപാത്രമെന്തി ഞാൻ
രാഗഭിക്ഷയിരന്നുകൊണ്ടിതാ
ലോകമൊട്ടുക്കലകയാം.
എന്തി, നങ്ങു വരുമ്പോളങ്ങതിൻ
മുന്നിലർപ്പണം ചെയ്യുവാൻ!
എങ്കിലുമിന്നും ശൂന്യമാണു, ഞാ-
നെങ്ങനെയിതു നൽകിടും?
മൽപ്രഭോ, ഭവാനെന്നിലെന്നാലു
മപ്രിയമരുതൽപവും!
ത്യാഗസുന്ദരമാമിതിൽ തവ

രാഗപൂരം ചൊരിയുകിൽ
ആയതുപരിപൂർണ്ണമായ്, കവി-
ഞ്ഞീയുലകം നിറഞ്ഞിടും.
സത്യമെൻ നിഴൽ മായുകിലെന്തെൻ
നിത്യതയ്ക്കുതു പോരുമേ!

അന്തമില്ലാതെ നീണ്ടുനീണ്ടുപോ-
മന്ധകാരത്തിനപ്പുറം,
എന്തിനയേ്യാ മറഞ്ഞിരുന്നേവം
സന്തപിപ്പിപ്പതെന്നെ നീ?
നിത്യമോരോ മുറിവുകൾതട്ടി-
യെത്രതേങ്ങിക്കരഞ്ഞു ഞാൻ!
ഇണ്ടലാർന്നു ഞാൻ പോകെ, യെൻ കാലിൽ
കൊണ്ടതില്ലെത്ര മുള്ളുകൾ!
ദേവ, മൽപ്രയാണത്തിലെത്രയെൻ
ജീവരക്തമൊലിക്കിലും,
ഭാവിഘോരനിരാശയാലെന്റെ
നേർവഴികൾ വിലക്കിലും,
പിന്തിരിയാതെ പോന്നു ഞാൻ, തവ
ബന്ധുരാശ്ലേഷമേൽക്കുവാൻ.
താവകാഗമപാവനോത്സവം
ജീവനിവാണദായകം
ഞാനറിഞ്ഞില്ലിന്നോളമതെൻ
മാനനീയമഹാതിഥേ!
ശൂന്യമെങ്കിലും ജീവിതപാത്രം
ഞാനിതർപ്പണം ചെയ്യുവാൻ!

## തപസ്വിനി

നിന്നെ ഞാനെത്ര വിളിച്ചുകേണെങ്കിലും
വന്നില്ലടുത്തു നീ സൗന്ദര്യകേന്ദ്രമേ!
ആകാംക്ഷമൂലമനാരതം നിന്നെ, യീ
ലോകം മുഴുവൻ തിരഞ്ഞുനടന്നു ഞാൻ!
"കണ്ടില്ല ഞങ്ങൾ" ചിരിച്ചോതി പിഞ്ചിതൾ-
ച്ചുണ്ടുവിടർത്തിച്ചെറുമലർച്ചെണ്ടുകൾ!
"ഞങ്ങളുമാരാഞ്ഞുപോകയാ" ണോതിനാർ
മിന്നിപ്പുളഞ്ഞൊഴുകുന്ന പൂഞ്ചോലകൾ!
'എന്തൊരാശ്ചര്യം കഴിയുമോ കാണുവാൻ"
ചിന്തിച്ചനങ്ങാതെ നിന്നുപോയ് കുന്നുകൾ!
'എന്നാലസാദ്ധ്യം" മടങ്ങിനിരാശനാ-
യെങ്ങുമലഞ്ഞു തളർന്ന സമീരണൻ.
ബ്രഹ്മാണ്ഡമൊന്നോടസാദ്ധ്യമെന്നോതുവ-
തിമ്മൺതരിക്കു പിന്നാവുന്നതെങ്ങനെ?
എങ്കിലും ജീവിതച്ഛായത്തിനാൽ നിന്റെ
സങ്കൽപചിത്രമെഴുതിക്കഴിഞ്ഞു ഞാൻ!
കഷ്ടമെൻ തോരാത്ത കണ്ണീരിനാലതി-
ന്നൊട്ടുമുക്കാലും നനഞ്ഞുപോയെങ്കിലും
സഞ്ചിതോന്മാദം പുണരുന്ന ഗാഢമെൻ
ചഞ്ചലപ്രജ്ഞയതിനെയെല്ലായ്പ്പൊഴും!
വ്യാമൂഢ ഞാനെന്നമിതശുശ്രൂഷയാ-
ലാമഞ്ജിമയിൽ പരുക്കുചേർത്തെങ്കിലോ!
ഭക്ത ഞാൻ നിന്നെസ്സമീപിക്കിൽ, മജ്ജീവ-
രക്തം വമിപ്പതിലില്ല മേ സങ്കടം.
വേദനാവീചികൾ നീന്തിക്കടക്കണം
വേണുനാദത്തിന്റെ പൂങ്കാവിലെത്തുവാൻ
അന്ധകാരത്തിൽ മരവിച്ചൊതുങ്ങണം
ബന്ധുരോഷസ്സിൽ മൃദുസ്മിതം കാണുവാൻ.
പ്രാണസർവ്വസ്വമേ, സന്തപ്തയെങ്കിലും
ഞാനസംതൃപ്തയല്ലിത്തപശ്ചര്യയിൽ!

## അർത്ഥന

കരയാനുംകൂടിക്കഴിഞ്ഞിടാതി-
ക്കനലിൽക്കിടന്നു പൊരിഞ്ഞിടുമ്പോൾ
കനിവിൻ സുധാകണം വീഴ്ത്തി വീഴ്ത്തി-
ക്കവിതേ, നീ കാൽക്ഷണം മുമ്പിലെത്തി,
ഇരുളിൻ തിരശ്ശീല നീക്കി നീക്കി
ചെറുതാരകങ്ങളൊളിഞ്ഞു നോക്കി.

അറിയാത്ത ഭാവം നടിച്ചു ഞാനെ
ന്നവിവേകം മൂലമെൻ കണ്ണുപൊത്തി.
ഉദിതരാഗാർദ്രമാമെൻ ഹൃദന്ത-
മുപചാരസന്നദ്ധമായിരിക്കേ,
ഉചിതമല്ലാത്തൊരസ്സാഹസത്തി-
ന്നുപരിപ്ലവത്വം തിരക്കുകൂട്ടി....
അണുവും രസിക്കാതരക്ഷണംകൊ-
ണ്ടനഘേ, നീയെന്നെപ്പിരിഞ്ഞുപോയി.
മിഴികളിൽനിന്നും കരമെടുത്തി-
ട്ടഴകേ, കുതിച്ചു ഞാൻ നിന്റെ പിമ്പേ!
തരമായീലെത്ര ഞാൻ വെമ്പിയിട്ടും
കിരണമേ, നിൻഗതി പിന്തുടരാൻ.
അനുശയചിന്തതൻ കൂർത്തമുള്ളിൻ
മുനയിലെൻ മാനസം വിണ്ടുകീറി.
ഒരുനാളുമൊട്ടുമുണങ്ങുവാനും
തരമാകാതിക്ഷതം വേദനിക്കേ,
പരിഭവമെല്ലാം മറന്നു പക്ഷേ,
വരുമായിരിക്കാം നീ മുന്നിൽ വീണ്ടും.
അതുവരേക്കിത്തപ്തഗദ്ഗദങ്ങൾ-
ക്കലിവാർന്നു ലോകമേ, മാപ്പുനൽകൂ!

## അന്ത്യഗാനം

അവസാനഗാനവും പാടിത്തീർത്തി-
ട്ടവിടേക്കിതാ വരുന്നു, ദേവ!
കമനീയരൂപൻ ഭവാനിരിക്കും
കനകസിംഹാസന സന്നിധിയിൽ
അണിയണിയായോരോരോ ഗായകന്മാർ
മണിവീണ മീട്ടിയിരുന്നിടുമ്പോൾ,
ഇരുവശം ചേടിമാർ നിന്നു മന്ദ-
മരിയ വെൺചാമരം വീശിടുമ്പോൾ,
പുറകിലായ് നിന്നു രണ്ടാലവട്ടം
പുരടാഭയെങ്ങും വിതറിടുമ്പോൾ,-
സവിധത്തിലഞ്ജലീബദ്ധരായി-
സ്സചിവന്മാർ വന്ദിച്ചു നിന്നിടുമ്പോൾ
തവ മണിമേടതൻ ഗാപുരത്തിൽ-
ത്തനിയേയിഭിക്ഷുണി വന്നുനിന്നാൽ,
അവിടെ നിന്മുന്നിലണഞ്ഞുകൊൾവാ-
നനുമതിയന്നെനിക്കാരു നൽകും?
തവ ദർശനോത്സുകമെന്റെ ചിത്തം
തകരുന്ന വാസ്തവമാരറിയും?
അവിടെ നിൻ ഗാപുരദ്വാരപാല-
രരുതരുതെന്നു വിലക്കിയാലും,
അവസാനഗാനവും പാടിത്തീർന്നാ-
ലവിടേയ്ക്കു ഞാനുടൻ പോരും നാഥാ!

ഒരുപോലഗ്ഗായകരാകമാനം
പരമാത്ഭുതാവേശസ്തബ്ധരാകെ,
കനകസിംഹാസനത്തിങ്കൽനിന്നും,
കലിതാനമോദമെണീറ്റു വേഗം,
അവിടേയ്ക്കു മന്ദമണയുമെന്നെ-
യവിതർക്കമങ്ങെതിരേറ്റശേഷം,
അരികിലസ്സിംഹാസനത്തിലെന്നെ-
പ്പരിചിലിരുത്തിക്കുശലമോതും!
ഉടനസ്സദസ്സു പിരിച്ചയച്ചി-

ട്ടുദിതകൗതുഹലം മന്ദം മന്ദം,
നിരവധി ചുംബനപ്പൂക്കളാലെൻ
നിറുകയിലങ്ങൊരു മാല ചാർത്തും.
അതിദിവ്യമാകുമസ്സന്മുഹൂർത്തം
അണയുവാനാശിച്ചു ഞാൻ ഭജിപ്പൂ!
അവസാനഗാനവുമിങ്ങു വർഷി-
ച്ചവിടെ വന്നെത്താം ഞാൻ ജീവനാഥാ!

പ്രസാധകർ

**താളിളക്കം**